1. ഹെൽത്ത് സൂപ്പർവൈസർ - 1
2. ഹെൽത്ത് ഇൻസ്പെക്ടർ - 2
3. ലേഡി ഹെൽത്ത് ഇൻസ്പെക്ടർ - 2
4. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I - 4
5. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II - 4
6. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് -12

മേൽപ്പറഞ്ഞ ഫീൽഡ് വിഭാഗം ജീവനക്കാരാണ് മാവൂർ, പെരുവയൽ, പെരുമണ്ണ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിക്കുന്നത്. ആയതിനാൽ മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. ഇല്ലാത്തതുകൊണ്ട് ഫീൽഡ് പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ല.

സ്റ്റാഫ് നഴ്സ് തസ്തികകൾ

43 (2317) ശ്രീ. എസ്. ശർമ്മ .: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II, ഗ്രേഡ്-I തസ്തികകൾ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റാഫ് നഴ്സ് ഗ്രേഡ്-I തസ്തികയിലേക്ക് പ്രമോഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉത്തരവിറങ്ങിയതെന്നും എത്ര പേർക്ക് പ്രമോഷൻ നൽകിയെന്നും വ്യക്തമാക്കാമോ;

(സി) പ്രമോഷൻ ലഭിച്ചവരെ എറണാകുളം ജില്ലയിൽ തന്നെ തുടരുന്നതിന് അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ മുൻകാലങ്ങളിൽ ഇത്തരത്തിൽ തുടരാൻ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രമോഷൻ ലഭിച്ചവരെ ഇതര ജില്ലകളിൽ നിയമിക്കാത്തതുമൂലം വർഷങ്ങളായി അന്യ ജില്ലകളിൽ ജോലി ചെയ്യുന്നവർക്ക് സ്വന്തം ജില്ലയിൽ നിയമനം ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എറണാകുളം ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II ന്റെ 363 തസ്തികയും സ്റ്റാഫ് നഴ്സ് ഗ്രേഡ്-I ന്റെ 362 തസ്തികയും നിലവിലുണ്ട്.

(ബി) ഉണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 13-01-2016 ലെ ഉത്തരവ് നം.ഇഇ 1/60/2016/ആ.വ.ഡ പ്രകാരം 308 പേർക്ക് സ്റ്റാഫ് നഴ്സ് ഗ്രേഡ്-I തസ്തികയിലേക്ക് പ്രൊമോഷൻ നടത്തിയിട്ടുണ്ട്.

(സി) ഉത്തരവായിട്ടുണ്ട്. ഡി.ആർ.ബി. ചട്ടപ്രകാരം ജില്ലയിൽ നിന്നും മാറ്റി നിയമിക്കേണ്ട കാര്യമില്ല.

(ഡി) ഇക്കാര്യം ബഹു. കോടതിയുടെ പരിഗണനയിലാണ്.

മലപ്പുറം ജില്ലയിലെ ഡിഫ്ത്തീരിയ ബാധ

44 (2318) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞവർഷം എത്രപേർക്ക് ഡിഫ്ത്തീരിയ രോഗം ബാധിച്ചിട്ടുണ്ട്; എത്രപേർ മരിച്ചിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ ഡിഫ്ത്തീരിയ രോഗപ്രതിരോധ മരുന്ന് ആവശ്യത്തിന് ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് പ്രസ്തുത പ്രതിസന്ധിക്ക് കാരണമെന്ന് അറിയിക്കുമോ;

(സി) എന്തെല്ലാം പ്രതിരോധ നടപടികളാണ് പ്രസ്തുത രോഗത്തിനെതിരായി മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ഡി) മതിയായ പ്രതിരോധ മരുന്ന് ലഭ്യമാക്കുമോയെന്ന് അറിയിക്കുമോ; പ്രസ്തുത രോഗവ്യാപനം തടയുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞവർഷം മലപ്പുറം ജില്ലയിൽ അഞ്ച് പേർക്ക് ഡിഫ്ത്തീരിയ ബാധിക്കുകയും ഒരാൾ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. മറ്റുള്ള ജില്ലകളിൽനിന്നും ഡിഫ്ത്തീരിയ റിപ്പോർട്ട് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly